ANNEXURE - III



File No.CLAD-C2/37/2020-CLAD-Part(1)

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

സാംസ്കാരികകാര്യ വകുപ്പ്- യുവകലാകാരൻമാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി നിർവ്വഹണം - സെലക്ഷൻ പാനൽ പുന:സംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**സാംസ്കാരികകാര്യ(സി) വകുപ്പ്**

സ.ഉ.(കൈ) നം.29/2021/സാം.കാ.വ   തീയതി,തിരുവനന്തപുരം, 20/10/2021

---

പരാമർശം:-

1. സ.ഉ. (എം.എസ്)നം. 28/2017/സാം.ക.വ തീയതി 10.10.2017
2. സ.ഉ. (കൈ)നം. 23/2018/സാം.ക.വ തീയതി 14.06.2018
3. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 16.09.2021-ലെ പി1-1123/21/സാം.വ നമ്പർ കത്ത്

<u>ഉത്തരവ്</u>

സാംസ്കാരിക വകുപ്പ് നടപ്പിലാക്കുന്ന ആയിരം യുവകലാകാരൻമാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി നിർവ്വഹണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, സെലക്ഷൻ പാനൽ എന്നിവ അംഗീകരിച്ച് പരാമർശ (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പിന്നീട് പദ്ധതിയുടെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളും പുതുതായി ഉൾപ്പെടുത്തിയ കലാരൂപങ്ങളും സെലക്ഷൻ പാനലും ഫെലോഷിപ്പുകളുടെ എണ്ണവും പരിഷ്കരിച്ച് പരാമർശ (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

തുള്ളൽ, മാപ്പിളകലകൾ, ഗദ്dിക എന്നീ കലാരൂപങ്ങളിലെ വിഷയ വിദഗ്ദ്ധരായി നിശ്ചയിക്കപ്പെട്ട കലാമണ്ഡലം ഗീതാനന്ദൻ, എരഞ്ഞോളി മൂസ, പി. കെ. കരിയൻ എന്നിവർ കാലയവനികയിൽ മറഞ്ഞതിനാൽ അവരുടെ പേര് സെലക്ഷൻ പാനലിൽ നിന്ന് ഒഴിവാക്കേണ്ടതും പകരം പുതിയ വിഷയ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ചുവടെ ചേർത്ത പട്ടിക പ്രകാരം പുന:സംഘടിപ്പിക്കണമെന്ന് പരാമർശ കത്ത് പ്രകാരം സാംസ്കാരിക വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

(മറുപുറം)

File No.CLAD-C2/37/2020-CLAD-Part(1)

| ക്രമ. നം. | കലാരൂപം | അഭിമുഖത്തിനുള്ള സമിതിയിലെ നിലവിലെ അംഗങ്ങൾ | നിർദ്ദേശിച്ച ഭേദഗതി പ്രകാരം അഭിമുഖത്തിനുള്ള സമിതിയിലെ അംഗങ്ങൾ | റിമാർക്സ് |
|---|---|---|---|---|
| 1 | തുള്ളൽ | 1) സെക്രട്ടറി സംഗീത നാടക അക്കാദമി<br>2) കലാമണ്ഡലം പ്രഭാകരൻ<br>3) ശ്രീ. കലാമണ്ഡലം ഗീതാനന്ദൻ | (1) സെക്രട്ടറി സംഗീത നാടക അക്കാദമി<br>(2) കലാമണ്ഡലം പ്രഭാകരൻ<br>(3) കലാമണ്ഡലം ഗോപിനാഥ പ്രഭ | കലാമണ്ഡലം ഗീതാനന്ദൻ അന്തരിച്ചതിനാൽ പകരം വിഷയ വിദഗ്ധനായി കലാമണ്ഡലം ഗോപിനാഥ പ്രഭയെ നിർദ്ദേശിച്ചിരിക്കുന്നു. |
| 2 | മാപ്പിളകല | 1) സെക്രട്ടറി ഫോക് ലോർ അക്കാദമി<br>2) ശ്രീ. മൂസ്സ എരഞ്ഞോളി<br>3) ശ്രീ. റസാക്ക് പായമ്പ്രോട്ട് | (1) സെക്രട്ടറി ഫോക് ലോർ അക്കാദമി<br>(2) ശ്രീ. റസാക്ക് പായമ്പ്രോട്ട്<br>(3) ശ്രീ. ഫിറോസ് ബാബു | മൂസ്സ എരഞ്ഞോളി അന്തരിച്ചു പോയതിനാൽ പകരം ശ്രീ. ഫിറോസ് ബാബുവിനെ വിഷയ വിദഗ്ധനായി നിർദ്ദേശിച്ചിരിക്കുന്നു. |
| 3 | ഗദ്ദിക | 1) ശ്രീ. സി.ജെ. കുട്ടപ്പൻ<br>2) ശ്രീ. പി.കെ കാളൻ | (1) ശ്രീ. മല്ലൻ<br>(2) ശ്രീ. സി.ജെ. കുട്ടപ്പൻ | പി.കെ കാളൻ അന്തരിച്ചു പോയതിനാൽ പകരം വിഷയ വിദഗ്ധനായി ശ്രീ. മല്ലനെ നിർദ്ദേശിച്ചിരിക്കുന്നു |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. യുവകലാകാരൻമാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയിൽ തുള്ളൽ, മാപ്പിളകലകൾ,ഗദ്ദിക തുടങ്ങിയ കലാവിഷയങ്ങളിൽ മേൽപട്ടിക പ്രകാരമുള്ള സെലക്ഷൻ പാനൽ അംഗീകരിച്ചും പുന:സംഘടിപ്പിച്ചും ഉത്തരവാകുന്നു. പരാമർശ (1) (2) ഉത്തരവുകൾ മേൽപ്പറഞ്ഞ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജനാർദ്ദനൻ കെ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ,സാംസ്കാരിക വകുപ്പ്,

ബന്ധപ്പെട്ട വ്യക്തികൾക്ക്(ഡയറക്ടർ മുഖേന)

ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ, കേരളം) തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട്, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ,തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ്

ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്

ധനകാര്യ (വിദ്യാഭ്യാസം-സി) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

സ.ഉ.(കൈ) നം.28/2017/സാം.കാ.വ. തീയതി 10.10.2017. തീർപ്പ് ഫയലിലേയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ